## 1248

1 ജീവിവത പൂവല്ലിയിൽ-പൊൻമലർ ചൂടി
മേവിടും വധൂവര-ർക്കേവരും കൂടി

മംഗളഗീതങ്ങൾ-പാടിടുവിൻ മംഗളഗീതങ്ങൾ-പാടിടുവിൻ
പാടിടുവിൻ-പാടിടുവിൽ-മംഗളഗീതങ്ങൾ

2 പാരിതിലിരുവരും-ഐകമത്യമായ്
നിരന്തരം വിളങ്ങട്ടെ-ദൈവഭക്തരായ്

3 ദീപത്തിലൊളിയെപ്പോൽ തേൻസമം പൂവിൽ
വേർപെടാതിവരിനി വാഴണം ഭൂവിൽ-

4 മുമ്പേ ദൈവരാജ്യവും-നീതിയും തേടി
അൻപിൽ വാഴട്ടെയിവർ-ആനന്ദം നേടി-

5 ക്രിസ്തുവും സഭയും പോൽ-ഏകദേഹമായ്
ചേർന്നുപാർക്കണമിവർ-സ്നേഹഭാവമായ്-

6 യോഗ്യരായിവരെങ്ങും-പാരിതിൽ പാർത്തു
ഭാഗ്യം കൈവരും ഭാരം-യേശുവിൽ ചേർത്തു-

7 മംഗളം സുമംഗളം മംഗളം പാടി
മംഗളാത്മനേശുവെ-വന്ദിപ്പിൻ കൂടി- **M.E.C.**